(സി) അന്വേഷണം പൂർത്തിയായിട്ടില്ല.

(ഡി) അന്വേഷണം പൂർത്തിയാകാത്തതിനാൽ മോഷ്ടാവിനെ തീരുമാനിക്കാറായിട്ടില്ല.

PANDIKUDI—CHELLANAM ROAD—CONSTRUCTION OF

383. ചൗധരി ജി. എസ്സ്. ധാരാസിംഗ്: ബഹുമാനപ്പെട്ട ഗവൺമെണ്ട് താഴെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി പറയുമോ.—

(എ) പാണ്ടിക്കുടി—ചെല്ലാനം റോഡിന്റെ പണി എത്രത്തോളമായി;

(ബി) കഴിഞ്ഞകൊല്ലം ഈ ആവശ്യത്തിലേക്കായി ബഡ്ജറ്റിൽ എത്ര സംഖ്യ കൊള്ളിച്ചു;

(സി) അതിൽ എത്ര സംഖ്യ എതെല്ലാം ഇനങ്ങളിൽ ചിലവായിട്ടുണ്ട്;

(ഡി) ഈ റോഡ് പണി ഇക്കൊല്ലം എത്ര തീർക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്?

റാവുസാഹിബ് കെ. അയ്യപ്പൻ :

(എ) പാണ്ടിക്കുടി—ചെല്ലാനം റോഡ് പണിക്ക് വേണ്ടതായ സ്ഥലം അക്വയർ ചെയ്യുന്നതിനു നടപടികൾ എടുത്തുവരുന്നുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കികഴിഞ്ഞു. സ്ഥലം കൈവശം കിട്ടിക്കഴിഞ്ഞാൽ ഉടനെ റോഡുപണി ആരംഭിക്കുന്നതാണ്.

(ബി) ഈ പണിക്കുവേണ്ടിവരുന്ന സംഖ്യ റോഡു ബോർഡ്ഫണ്ടിൽനിന്നാണ് എടുക്കുന്നതു്.

(സി) ഒരു സംഖ്യയും ചിലവായിട്ടില്ല.

(ഡി) ഒന്നാം ഖണ്ഡത്തിനുള്ള സമാധാനംകൊണ്ട് ഉത്തരം ആവശ്യമില്ല.

FLAGS—HOISTING OF

384. മിസ്റ്റർ കെ. എ. രാഘവൻ : താഴെ എഴുതുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ഗവർമ്മെണ്ട് വക സ്ഥാപനങ്ങളിലും വസ്തുക്കളിലും ഗവൺമെണ്ട് അംഗീകരിച്ചിട്ടുള്ള കൊടികളേ നാട്ടാവു എന്നു യു. പി. യിലേയും ബിഹാറിലേയും ഗവൺമെണ്ടുകൾ തീരുമാനിച്ചു വരുന്നത ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം വല്ല അംഗീകൃത നടപടിയും കൊച്ചിഗവർമ്മെണ്ട് കൈക്കൊണ്ടിട്ടുണ്ടോ;

(സി) കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ?

റാവുസാഹിബ് എ. മാധവപ്പട്ട :

(എ) ഈ വിഷയത്തെപ്പറ്റി ഗവൺമെണ്ടിനു് യാതൊരു വിവരവുമില്ല.

(ബി) ഗവൺമെണ്ടിൽനിന്നും അങ്ങിനെ ഒരു തീരുമാനം ചെയ്യേണ്ടതായ അവസരം ഉണ്ടായിട്ടില്ല.

(സി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

SUB-JAIL GUARD OFFICERS

385. **Mr. Paramel Ipe Ipe** *(Kunnamkulam)*: Will Government be pleased to state.—

(*a*) in how many Police Stations are there Sub-jail Guard Officers;

(*b*) are there Police Stations where the Guard Officers are made to attend the duties of the station clerks;

(*c*) if so, which are those stations;

(*d*) if a person is to do his duties as Guard Officer as per the Guard Rules in the Police Manual will there be time for him to attend to any other work?

Mr. K. S. Raghavan *(Secretary to Government)*:

(*a*) 7.

(*b*) Yes.

(*c*) In Vadakkancheri, Crangannur and Chittur stations, the Station Writers are also the Guard Officers.

LIBRARY ARCHIVES Kerala Legislative Assembly